# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

03-02-2020 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 352

## കൊല്ലം തുറമുഖത്തിന്റെ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം തുറമുഖത്തിന്റെ വികസനത്തിന് ഏതെല്ലാം പദ്ധതികളാണ് ഇപ്പോൾ നടപ്പിലാക്കി വരുന്നത് എന്ന് വിശദമാക്കാമോ ; | (എ) | കൊല്ലം തുറമുഖത്തിന്റെ വികസനത്തിന്റെ ഭാഗമായുള്ള 100 മീറ്റർ പാസഞ്ചർ ടെർമിനൽ ബെർത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കൊച്ചുപിലാമൂട് മുതൽ വാടി വരെയുള്ള റോഡ് നിർമ്മാണം പൂർത്തീകരിച്ചു, വാടി മുതൽ കൊല്ലം കളക്ടറേറ്റ് വരെയുള്ള റോഡിന്റെ വികസനത്തിനുള്ള നടപടികൾ പുരോഗമിക്കുന്നു. തുറമുഖത്തിന്റെ വാണിജ്യ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് അഗ്രിമ സിമന്റ്സുമായി സഹകരിച്ച് ഒരു സിമന്റ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചുവരുന്നു.. |
| (ബി) | ഈ തുറമുഖത്തുനിന്ന് ലക്ഷദ്വീപിലേക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ബി) | കൊല്ലം പോർട്ടിൽ നിന്ന് ലക്ഷദ്വീപിലേക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപ് ഡവലപ്മെന്റ് കോർപ്പറേഷൻ അധികൃതരുമായി മാരിടൈം ബോർഡ് പ്രാഥമിക ചർച്ചകൾ നടത്തിയിട്ടുണ്ട്. |

Sheeba

**സെക്ഷൻ ഓഫീസർ**